# പൊതുപരീക്ഷകൾ

2010 –'11 അധ്യയന വർഷത്തിൽ നടക്കുന്ന പൊതുപരീക്ഷകൾ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

## 1. പ്രൈമറി സർട്ടിഫിക്കറ്റ് പരീക്ഷ.

ഏഴാം ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രൈമറി സർട്ടിഫിക്കറ്റ് പരീക്ഷക്ക് അപേക്ഷിക്കാവുന്നതാണ്.

പരീക്ഷാ ഫീസ് : പിന്നിട് അറിയിക്കുന്നതാണ്.
പരീക്ഷാ തീയ്യതി : 2011 ഫെബ്രുവരി 11, 12, 13

### *പരീക്ഷാ സ്കീം*

| | | |
|---|---|---|
| പേപ്പർ 1 | അറബിക് | 100 മാർക്ക് |
| പേപ്പർ 2 | ഖുർആൻ പഠനം | 100 മാർക്ക് (ഖുർആൻ പഠനം 65, ഹിഫ്ള് 15, തജ്‌വീദ് പാഠങ്ങൾ 20 മുഴുവൻ അധ്യായങ്ങളും) |
| പേപ്പർ 3 | ഹദീസ് പഠനം | 100 മാർക്ക് |
| പേപ്പർ 4 | ഫിഖ്ഹ് പാഠങ്ങൾ | 100 മാർക്ക് |
| പേപ്പർ 5 | ഇസ്‌ലാമിക ചരിത്ര പാഠങ്ങൾ | 100 മാർക്ക് |

**പാസ് മാർക്ക്** : 175 (ഒരോ പേപ്പറിനും മിനിമം 25 മാർക്ക് ലഭിച്ചിരിക്കണം)
**ഫസ്റ്റ് ക്ലാസ്സ്** : 300 മാർക്ക്
**സെക്കന്റ് ക്ലാസ്** : 250 മാർക്ക്

## 2. സെക്കന്ററി സർട്ടിഫിക്കറ്റ് പരീക്ഷ

ഫീസ് : പിന്നീട് അറിയിക്കുന്നതാണ്
പരീക്ഷാ തീയ്യതി : 2011 ഫെബ്രുവരി 11, 12, 13

**അപേക്ഷകൾ**

പ്രൈമറി, സെക്കന്ററി പൊതുപരീക്ഷകൾക്ക് യഥാക്രമം Form E-I-C, Form E-I-Dഎന്നീ അപേക്ഷാ ഫോറങ്ങളാണ് ഉപയോഗിക്കേണ്ടത്. പൂരിപ്പിച്ച അപേക്ഷകൾ ഫീസ് സഹിതം 2010 നവംബർ 25 മുതൽ ഡിസംബർ 15 വരെ സ്വീകരിക്കുന്നതാണ്. 20 രൂപ ഫൈനോട് കൂടി ഡിസംബർ 25വരെയും 30 രൂപ ഫൈനോട് കൂടി ഡിസംബർ 31 വരെയും ഓഫീസിൽ സ്വീകരിക്കുന്നതാണ്.

**പൊതുപരീക്ഷാ ടൈം ടേബൾ 2011**

| തിയ്യതി | സമയം | പ്രൈമറി | സെക്കന്ററി |
|---|---|---|---|
| 11.02.11 വെള്ളി | 02:30 pm - 04:30 pm | അറബി | അറബി |
| 12.02.11 ശനി | 10:00 am - 12:00 pm | ഖുർആൻ പഠനം | ഖുർആൻ പഠനം |
| | 02:00 pm - 04:00 pm | ഹദീഥ് പഠനം | ഹദീഥ് പഠനം |
| 13.02.11 ഞായർ | 10:00 am - 12:00 pm | ഫിഖ്ഹ് | ഫിഖ്ഹ് |
| | 02:00 pm - 04:00 pm | ഇസ്‌ലാമിക ചരിത്രം | ബുഹൂഥ് |

**അപേക്ഷ അയക്കുമ്പോൾ താഴെ ചേർത്ത കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.**

1. ഫോറത്തിന്റെ മുഴുവൻ കോളങ്ങളും പൂർണമായും വ്യക്തമായും പൂരിപ്പിച്ചിരിക്കണം.
2. അപേക്ഷകർ, രക്ഷിതാവ്, ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാൾ എന്നിവർ യഥാസ്ഥാനത്ത് പേരെഴുതി ഒപ്പിട്ടിരിക്കണം. സ്ഥാപനത്തിന്റെ സീൽ ഉണ്ടായിരിക്കണം.
3. ആൺകുട്ടികളുടെയും, പെൺകുട്ടികളുടെയും ഫാറങ്ങൾ വെവ്വേറെ ഇംഗ്ലീഷ് അക്ഷര ക്രമ ത്തിൽ ക്രമ നമ്പർ എഴുതി തുന്നികെട്ടുക. അപേക്ഷിക്കുന്നവരുടെ ലിസ്റ്റ് കൂടെ ഉണ്ടായിരി ക്കണം.
4. അപേക്ഷകൾ സ്ഥാപനത്തിലെ പരീക്ഷ രജിസ്റ്ററിൽ ചേർത്തിയശേഷം മജ്‌ലിസിലേക്ക് അയക്കുക.
5. അപൂർണ്ണവും അവ്യക്തവുമായ അപേക്ഷകൾ അറിയിപ്പുകൂടാതെ നിരസിക്കുന്നതാണ്.

**പരീക്ഷാ കേന്ദ്രം**

കുറഞ്ഞത് 20 അപേക്ഷകരെങ്കിലും ഉള്ള അഫ്‌ലിയേറ്റഡ് സ്ഥാപനങ്ങളിൽ പരീക്ഷാ കേന്ദ്രങ്ങൾ അനുവദിക്കുന്നതാണ്. അപേക്ഷകരുടെ എണ്ണം 20തിൽ കുറവാണെങ്കിൽ തൊട്ട ടുത്ത പരീക്ഷാ കേന്ദ്രത്തിലാണ് പരീക്ഷ എഴുതേണ്ടത്. അല്ലെങ്കിൽ റിക്വസ്റ്റ് സെന്ററിന് അപേ ക്ഷിക്കാവുന്നതാണ്. (റിക്വസ്റ്റ് സെന്ററിന്റെ മുഴുവൻ ചെലവും സ്ഥാപനം വഹിക്കേണ്ടതാണ്)

**ഹാൾടിക്കറ്റുകൾ**

ഹാൾടിക്കറ്റുകൾ പരീക്ഷക്ക് ഒരാഴ്ച മുമ്പ് നടക്കുന്ന ചീഫ് സൂപ്രണ്ടുമാരുടെ യോഗത്തിൽ വിതരണം ചെയ്യുന്നതാണ്.

**പരീക്ഷാഫലം, മാർക്ക് ലിസ്റ്റുകൾ**

2011 മെയ് അവസാനത്തിൽ ഫലം പ്രസിദ്ധീകരിക്കുന്നതാണ്.

2011 ജൂൺ ആദ്യവാരത്തിൽ മാർക്ക് ലിസ്റ്റുകൾ പരീക്ഷാകേന്ദ്രത്തിൽ വിതരണം ചെയ്യുന്നതാണ്.

**പുനർ മൂല്യനിർണയം**

ഉത്തരക്കടലാസ് പുനർമൂല്യനിർണയത്തിന് 2011 മെയ് 30 വരെ അപേക്ഷിക്കാവുന്നതാണ്. പുനർ മൂല്യനിർണയത്തിനു ഒരു പേപ്പറിന് 20 രൂപ വീതം ഫീസടക്കേണ്ടതാണ്.

**സർട്ടിഫിക്കറ്റുകൾ**

വിജയികൾക്കുള്ള സർട്ടിഫിക്കറ്റിന് നിശ്ചിത ഫീസ് സഹിതം അപേക്ഷിക്കേണ്ടതാണ്. അപേക്ഷ ഫാറത്തിന്റെ മാതൃക ഇതോടൊപ്പമുണ്ട് ലഭിക്കുന്നതിനു പ്രൈമറി സർട്ടിഫിക്കറ്റിനു 20 രൂപയും സെക്കന്ററി സർട്ടിഫിക്കറ്റിന് 30 രൂപയും ഫീസ് അടക്കേണ്ടതാണ്. സർട്ടിഫിക്കേറ്റു കൾ സ്വന്തം വിലാസത്തിൽ തപാൽ വഴി നേരിട്ടു ലഭിക്കുന്നതിനു ഫീസിനോടൊപ്പം 30ക തപാൽ ചാർജ്ജ് അടക്കേണ്ടതാണ്.

.